ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: തൊഴിലില്ലായ്മ വേതനപദ്ധതി ഒരുസ്ഥലത്തും കണ്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ ആസൂത്രകരിൽ ഒരാളായ ശ്രീമാൻ ഇമ്പിച്ചിബാവ ഇവിടെത്തന്നെ ഉള്ള സ്ഥിതിക്ക് അത് ഒന്നു നേരിട്ടുവാങ്ങിച്ചു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിന്റെ കോപ്പി ഇന്നു വൈകുന്നേരം തന്നെ കൊടുക്കാം. നടപ്പിലാക്കിയാൽ മതി.

ശ്രീ. പി. രവീന്ദ്രൻ: കിട്ടിയാൽ പരിശോധിച്ചുനോക്കാം.

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീമാൻ ഉണ്ണി പറഞ്ഞതിൽ കുറച്ചു ശരിയല്ലാത്ത കാര്യങ്ങളുണ്ട്. ശ്രീമാൻ ഇമ്പിച്ചിബാവയും ശ്രീമാൻ മത്തായിമാഞ്ഞൂരാനും മന്ത്രിമാർ എന്നുള്ളനിലയിൽ പത്രപ്രസ്താവന ചെയ്തതിനു ശേഷം വിശദാംശങ്ങളും തയ്യാറാക്കാൻ പ്ലാനിംഗ് ബോർഡിനു അയക്കുകയാണുണ്ടായത്

ശ്രീ. ആർ. എസ്. ഉണ്ണി: പദ്ധതി പ്രസിദ്ധപ്പെടുത്തുമ്പോഴും പ്ലാനിംഗ് ബോർഡുമായി ആലോചിച്ചില്ലെന്നു ശ്രീമാൻ ഹമീദുതന്നെയാണല്ലോ പറഞ്ഞത്?

ശ്രീ. എം. കെ. എ. ഹമീദ്: ഞാൻ പറഞ്ഞത് അതു പ്രസിദ്ധീകരിച്ചതിനുശേഷം പരിശോധനയ്ക്കായി പ്ലാനിംഗ് ബോർഡിനു അയച്ചുവെന്നാണ്.

ഇരുമ്പയിര്

* 155. (564) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള ഇരുമ്പയിര് ചൂഷണംചെയ്യേണ്ട കാര്യത്തെപ്പറ്റി വ്യക്തമായ തീരുമാനം എടുത്തുകഴിഞ്ഞോ;

(ബി) എങ്കിൽ എപ്പോഴാണ് തീരുമാനമെടുത്തത്;

(സി) തീരുമാനത്തിന്റെ സ്വഭാവമെന്ത്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഇൻഡ്യാഗവൺമെന്റിന്റെ ജിയോളജിക്കൽ സർവ്വെ റിപ്പോർട്ട് പ്രതീക്ഷിക്കുകയാണ്.

(ബി, സി) ചോദ്യമുദിക്കുന്നില്ല.

ശ്രീ. സി. എം. കുട്ടി: കോഴിക്കോട് ജില്ലയിൽ എത്ര ഇരുമ്പയിരുണ്ടെന്നു കണ്ടുപിടിക്കുകയും അതു ചൂഷണംചെയ്യുകയും ചെയ്യുവാൻ എന്താണ് കാലതാമസമെന്നു വ്യക്തമാക്കുമോ.

ശ്രീ. പി. രവീന്ദ്രൻ: ഇൻഡ്യാഗവൺമെന്റിന്റെ ജിയോളജിക്കൽ വിഭാഗം സർവ്വെനടത്തിക്കൊണ്ടിരിക്കുകയാണ്. കേരളാസ്റ്റേറ്റ് ഇൻഡസ്ട്രിയൽ വിഭാഗവും അവരെ സഹായിക്കുന്നുണ്ട്. അവർ കോഴിക്കോട്ടു എന്തുമാത്രം ഇരുമ്പയിര് ഡിപ്പോസിറ്റുണ്ടെന്നു കണ്ടുപിടിക്കാനുള്ള ശ്രമം നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. കുട്ടി: ഇവിടെനിന്നും ഖനനംചെയ്യുന്ന ഇരുമ്പയിരു വിദേശരാജ്യങ്ങളിലേക്കു കയറ്റി അയക്കുകയല്ലവേണ്ടത് ഇവിടെത്തന്നെ അത് ഉപയോഗപ്പെടുത്തണമെന്നുള്ള കാര്യത്തെസംബന്ധിച്ച് ഒരു അഭിപ്രായ വ്യത്യാസം കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് വ്യവസായകാര്യമന്ത്രിയും ഘടകകക്ഷിയേടുള്ളതായിരുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. ഈ കാര്യത്തെസംബന്ധിച്ച് ഈ ഗവൺമെൻറ് വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഇരുമ്പയിരു ഡപ്പോസിറ്റ് എന്തുമാത്രമുണ്ടെന്നു കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഗവൺമെൻറ്. സ്റ്റീൽ പ്ലാൻറ് ആരംഭിക്കുന്നതിനുവേണ്ട ഡപ്പോസിറ്റുണ്ടെങ്കിൽ സ്റ്റീൽ പ്ലാൻറ് സ്ഥാപിക്കാൻ നടപടികളും സ്വീകരിക്കണമെന്നാണ് ഗവൺമെൻറുകരുതുന്നത്.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: കോഴിക്കോട്ടുനിന്നും ലഭ്യമാകുന്ന ഇരുമ്പയിരുപയോഗിച്ചു അവിടെത്തന്നെ ഒരു ഉരുക്കുമില്ലു സ്ഥാപിക്കാൻ കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു സ്ഥാപിച്ചുകിട്ടാൻ എന്തു നടപടിയാണെടുക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? ഈ സഭയിൽത്തന്നെ അതിനുവേണ്ട ഒരു പ്രമേയം കൊണ്ടുവന്നു പാസ്സാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ഒരു സ്റ്റീൽ പ്ലാൻറു സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിൽ നിവേദനം നടത്തിയിട്ടുണ്ട്. സർവ്വെ പൂർത്തിയാക്കിയതിനുശേഷം അതു പരിഗണിക്കാമെന്ന് ഇൻഡ്യാഗവൺമെൻറു സമ്മതിച്ചിട്ടുമുണ്ട്.

ശ്രീ. പി. എം. അബുബേക്കർ: സർവ്വെതുടങ്ങിയിട്ടു എത്രകാലമായെന്നും എന്ന് ഇതു പൂർത്തിയാകുമെന്നും പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: 9 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറു പ്രതീക്ഷിക്കുന്നത്.

ഡാ. ജോർജ്ജ് തോമസ്: ഇവിടെ ഒരു സ്റ്റീൽ പ്ലാൻറു സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് അപേക്ഷിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതുപോലെതന്നെ ഇരുമ്പയിരു നിക്ഷേപം എന്തുമാത്രമുണ്ടെന്നു തിട്ടപ്പെടുത്തിയിട്ടില്ലെന്നും പറഞ്ഞു. ഇതുരണ്ടുംകൂടെ എങ്ങനെയാണ് പൊരുത്തപ്പെട്ടുപോകുന്നതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: പ്രാരംഭസർവ്വെയിൽ മൂന്നുലക്ഷം മില്യൻ ടൺ ഡിപ്പോസിറ്റുണ്ടെന്നാണ് കാണുന്നത്. പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കിയതിനുശേഷംമാത്രമേ കൃത്യമായി എന്തുമാത്രമുണ്ടെന്നു പറയാൻ പറ്റുകയുള്ളു. അപ്പോൾ സർവ്വെ പൂർത്തിയാക്കിയതിനുശേഷമേ ഇതിന്റെ പരിഗണന നടക്കുകയുള്ളുവെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കഴിഞ്ഞ വർഷം ഈ ഇരുമ്പയിര് വിദേശരാജ്യങ്ങളിലേക്കു കയറ്റി അയക്കണമെന്ന് അന്നത്തെ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ പാർട്ടിയും പറഞ്ഞതായും എന്നാൽ വ്യവസായമന്ത്രി അത് ഇവിടെത്തന്നെ ഉപയോഗപ്പെടുത്തി ഒരു സ്റ്റീൽപ്ലാൻറു സ്ഥാപിക്കണമെന്നു പറഞ്ഞതായും ആരോപണങ്ങളുണ്ടായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയാണ് ഈ വ്യവസായത്തിന് തടസ്സമായി നിൽക്കുന്നതെന്നു പറഞ്ഞിട്ടുണ്ട്. ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറു അധികാരത്തിൽ വന്ന് നാലുമാസംകഴിഞ്ഞിട്ടും അതിനെസംബന്ധിച്ചു അവസാനതീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോകത്തക്കവണ്ണം തടസ്സമായി നിൽക്കുന്നത് ആരാണെന്ന് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോഴും തടസ്സമൊന്നുമില്ല. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ വിഭാഗം ഇതിൻെറ ആവശ്യത്തിലേയ്ക്കായി നാലു ഡ്രിബ്ളേഴ്സു വരുത്തിയിട്ടുണ്ട്. അതുപയോഗിച്ചുകൊണ്ട് ദ്രുതഗതിയിൽ കാര്യങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ ഇരുമ്പയിരു എടുക്കുന്നതിനെ സംബന്ധിച്ച് പലചർച്ചകളും പല വിദേശരാജ്യങ്ങളുമായി നടത്തിയിട്ടുണ്ടെന്നു പറയുകയുണ്ടായി. പക്ഷേ കഴിഞ്ഞ വർഷം ആദ്യം ചർച്ച നടത്തിയ വിദേശരാജ്യത്തെ മാറ്റി മറ്റൊരുരാജ്യവുമായി ചർച്ച നടത്തിയെന്നാണ് ഇപ്പോഴും അറിയുന്നത്. ഏതുരാജ്യവുമായാണ് ഇപ്പോഴും ചർച്ചനടത്തുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോഴും ആരുമായിട്ടും ചർച്ചനടത്തുന്നില്ല. ഇരുമ്പയിരു എന്തുമാത്രം ഡിപ്പോസിറ്റുണ്ടെന്നു കണ്ടുപിടിക്കാനാണ് ഗവൺമെൻറു പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇരുമ്പയിരു കുഴിച്ചെടുക്കുകയും അത് ഇവിടെത്തന്നെ പ്രോസസ്സ്ചെയ്തു ഒരു സ്റ്റീൽപ്ലാൻറു സ്ഥാപിക്കുകയും ചെയ്യുന്നതിനെസംബന്ധിച്ചു ഏതെല്ലാം വിദേശരാജ്യങ്ങളുമായി ചർച്ചകളും നടത്തുകയുണ്ടായി. എവിടെനിന്നും ഏതെല്ലാം രൂപത്തിലുള്ള സഹായം ചെയ്യാമെന്നാണ് ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. ജപ്പാനിൽനിന്നും ഏതുതരത്തിലുള്ള ആഫറാണ് കിട്ടിയിട്ടുള്ളതെന്നും അതിൻമേൽ എന്തുനടപടിയെടുത്തുവെന്നും പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ച വിവരങ്ങളും ഇപ്പോൾ എൻെറ കൈവശമില്ല. ഇരുമ്പയിരു എന്തുമാത്രമുണ്ടെന്നു അറിഞ്ഞതിനുശേഷമേ അതിനെസംബന്ധിച്ച ഏതുതീരുമാനവും എടുക്കാൻ പറ്റുകയുള്ളു.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ജപ്പാനിൽനിന്നും ഈ ഇരുമ്പയിരു ഉപയോഗിക്കുന്നതിനു ഒരു സ്റ്റീൽ പ്ലാൻറു സ്ഥാപിക്കാമെന്നു സമ്മതിച്ചിരുന്നതായി അന്നത്തെ വ്യവസായമന്ത്രി പ്രചാരവേല നടത്തിയിരുന്നു. അതുമാത്രവുമല്ല ഈയിടെ പത്രത്തിൽ കാണുകയുണ്ടായി സൂര്യവെളിച്ചംകാണാത്ത, അന്നു മുഖ്യമന്ത്രിക്കു കൊടുത്തിരുന്ന രേഖയിൽ, ഇതുംകൂടി ഉൾപ്പെടുത്തിയിരുന്നുവെന്നു ഈ രേഖയിൽ ഇരുമ്പയിരിനെസംബന്ധിച്ച് എന്തെങ്കിലും കാര്യമായി എഴുതിയിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ജപ്പാൻ നിരവധി വ്യവസായങ്ങൾക്ക് നമുക്കു സഹായം നൽകാമെന്നു പറഞ്ഞിട്ടുണ്ട്. ആ കൂട്ടത്തിൽ ഇതും പറഞ്ഞിട്ടുണ്ട്. അതു ഇപ്പോഴും വെളിപ്പെടുത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. ജോൺജേക്കബ്: കേരളത്തിലേയ്ക്ക് ഒരു സ്റ്റീൽ പ്ലാൻറു വേണമെന്നു നിവേദനംനടത്തിയെന്നു പറഞ്ഞു. ഇരുമ്പയിരിൻെറ ഇക്കണോമിക് പഠനത്തിൻെറ അടിസ്ഥാനത്തിലാണോ ഈ സ്റ്റീൽ പ്ലാൻറുവേണമെന്നു പറയുന്നത്? അതോ ഇവിടെ ഇരുമ്പയിരു വേണ്ടത്രയുണ്ടെങ്കിലും ഇല്ലെങ്കിലും സ്റ്റീൽപ്ലാൻറു വേണമെന്നാണോ?

ശ്രീ. പി. രവീന്ദ്രൻ: നമ്മുടെ ഇരുമ്പയിരുപയോഗിച്ചു ഒരു സ്റ്റീൽ പ്ലാൻറുണ്ടാക്കണമെന്നാണ് കേന്ദ്രഗവൺമെൻറിനോടു പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: ഇരുമ്പയിരിന്റെ എക്കണോമിക്കൽ വർക്ക് നടക്കുമോ ഇല്ലയോ എന്നുള്ള റിപ്പോർട്ടു കിട്ടാതെ എങ്ങനെ നേരത്തെ ഇത് അവകാശപ്പെടാൻസാധിക്കും?

ശ്രീ. പി. രവീന്ദ്രൻ: പ്രാരംഭ സർവ്വെ കഴിഞ്ഞപ്പോഴാ നമുക്ക് ചെറിയ ഒരു സ്റ്റീൽപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഇരുമ്പയിരു ഉണ്ടാകുമെന്നു പ്രതീക്ഷിച്ചു. അതുകൊണ്ടാണ് നമുക്ക് ഒരു സ്റ്റീൽപ്ലാന്റു വേണമെന്നാവശ്യപ്പെട്ടത്.

ശ്രീ. ഇ. ജോൺജേക്കബ്: അതിനുവേണ്ട ഇരുമ്പയിരു കിട്ടുകയാണെങ്കിൽ ഒരു സ്റ്റീൽപ്ലാന്റു തരാമെന്നു സമ്മതിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഇരുമ്പയിരു കിട്ടുകയാണെങ്കിൽ കാര്യമായി പരിഗണിക്കാമെന്നു പ്രധാനമന്ത്രി ഉറപ്പുതന്നിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സ്റ്റീൽ ഫാക്ടറിയുടെ സ്കീം ജപ്പാൻ ഗവൺമെന്റുമായി ആലോചിച്ചു തീരുമാനിച്ചുകഴിഞ്ഞു എന്നും ആ തീരുമാനം മുഖ്യമന്ത്രി ഒപ്പുവയ്ക്കാത്തതുകൊണ്ടാണ് നടക്കാതെപോയതെന്നും ഈ നിയമസഭയിൽ മുൻവ്യവസായമന്ത്രി പറഞ്ഞതു ശരിയല്ലെന്നാണോ അങ്ങുപറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: അതു ശരിയാണെന്നോ അല്ലെന്നോ ഞാൻ പറഞ്ഞില്ല. എന്റെ കൈയിൽ അതിന്റെ രേഖകളൊന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ എന്തെങ്കിലും വിധത്തിൽ ഒരു എഗ്രിമെന്റു ഫൈനലൈസുചെയ്തുവച്ചിരുന്നോ?

ശ്രീ. പി. രവീന്ദ്രൻ: നോട്ടീസുകൂടാതെ പറയാൻനിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി.: മുമ്പു പറഞ്ഞത് ഇങ്ങനെയൊരു എഗ്രിമെന്റു ശരിയായിട്ടില്ല, ഇപ്പോഴും അതെപ്പറ്റി "ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ഇപ്പോഴും പറയുകയാണ് ഇരുമ്പയിര് നോക്കുന്നതിനുള്ള നടപടിനടക്കുന്നതേയുള്ളു എന്നു. ഇതിൽ ഏതാണു ശരി?

ശ്രീ. പി. രവീന്ദ്രൻ: അത് എന്നെക്കാൾ കൂടുതൽ അറിയാവുന്നതു ബഹുമാനപ്പെട്ട ഗൗരിക്കാണ്.

ശ്രീമതി കെ. ആർ. ഗൗരി: എന്റെ അറിവിനു കാര്യമില്ല. ഗവൺമെന്റിനോടാണു ചോദിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗൗരിക്കറിയാമെങ്കിലും ഞങ്ങൾക്കറിഞ്ഞുകൂടാത്തതുകൊണ്ടു ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. അതിനു മറുപടി പറയുമോ?

ശ്രീ. പി. രവീന്ദ്രൻ: നോട്ടീസുകൂടാതെ പറയാൻനിവൃത്തിയില്ല.

ശ്രീ. എം. കെ. എ. ഹമീദു: ഒരു ഇരുമ്പുഫാക്ടറി സ്ഥാപിക്കുന്നതിനു അസംസ്കൃതപദാർത്ഥങ്ങളായി ഇരുമ്പയിരുമാത്രംമതിയോ മറേറതെങ്കിലും അസംസ്കൃതപദാർത്ഥങ്ങൾ ആവശ്യമാണോ? ആണെങ്കിൽ ആ അസംസ്കൃതപദാർത്ഥങ്ങളുടെ കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി എന്താണെന്നു ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോഴത്തെ ഇരുമ്പയിരിന്റെ ഡിപ്പോസിറ്റ് അറിയണമെന്നാണുദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശ്രമമാണ് നടക്കുന്നത്.

ശ്രീ. എം. കെ. എ. ഹമീദ്: എന്റെ ചോദ്യം അതല്ല. എന്റെ ചോദ്യം ഒരു സ്റ്റീൽ ഫാക്ടറി സ്ഥാപിക്കുന്നതിന് അസംസ്കൃത പദാർത്ഥങ്ങളായി ഇരുമ്പയിരുമാത്രമതിയോ മറ്റേതെങ്കിലും അസംസ്കൃത പദാർത്ഥങ്ങളും ആവശ്യമാണോ, ആണെങ്കിൽ ആ പദാർത്ഥങ്ങളുടെ കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി എന്താണെന്നാണ്?

ശ്രീ. പി. രവീന്ദ്രൻ: ഇരുമ്പയിരു കൂടാതെ മറ്റു എന്തു അസംസ്കൃതപദാർത്ഥങ്ങൾ വേണമെന്നുള്ളതിനെസംബന്ധിച്ചു ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. എം. മീതിയൻ: ഇരുമ്പയിരു നിക്ഷേപത്തെസംബന്ധിച്ച് കോഴിക്കോട്ട് സർവ്വെ നടത്തിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. മറ്റേതെങ്കിലും സ്ഥലത്തു ഇതുപോലെയുള്ള ഇരുമ്പയിരു നിക്ഷേപിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: കോഴിക്കോട്ടു ഇരുമ്പയിരു നിക്ഷേപത്തെ സംബന്ധിച്ചു അന്വേഷിക്കുന്നതോടൊപ്പംതന്നെ നമ്മുടെ ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റു വേറെ എതെങ്കിലും മാഗത്തു കിട്ടുമോ ഇല്ലയോ എന്നുള്ളത് പരിശോധിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എസ്. ദാമോദരൻ: കോഴിക്കോടു ഒരു സ്റ്റീൽ ഫാക്ടറി തുടങ്ങുന്നതിനു ഗവൺമെന്റു കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടെന്നു ഇവിടെ ബഹുമാനപ്പെട്ടമന്ത്രി പറയുകയുണ്ടായി. ആ സ്റ്റീൽ ഫാക്ടറി പൊതുമേഖലയിലാണോ സ്വകാര്യമേഖലയിലാണോ തുടങ്ങാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: പൊതുമേഖലയിൽ സ്ഥാപിക്കണമെന്നാണ് ഇപ്പോഴത്തെ ഗവൺമെന്റു നിവേദനം നടത്തിയിട്ടുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: കോഴിക്കോട്ടു ഇരുമ്പയിരുനിക്ഷേപമുണ്ടെന്നു പ്രാരംഭസർവ്വെ നടത്തിയതിനുശേഷം ഗവൺമെന്റിനു ബോധ്യമാകുകയും അതിന്റെ അടിസ്ഥാനത്തിൽ അതു ഖനനം ചെയ്തു ഇരുമ്പയിരായിത്തന്നെ വിദേശരാജ്യങ്ങൾക്കു വിൽക്കണമെന്നും അതല്ല അതൊരു അസംസ്കൃതസാധനമായി ഉപയോഗിച്ചു ഒരു സ്റ്റീൽപ്ലാന്റു സ്ഥാപിക്കണമെന്നും ഒരു അഭിപ്രായവ്യത്യാസം ഇതിനുമുമ്പത്തെ മന്ത്രിസഭയ്ക്കു ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് സ്റ്റീൽമിൽ സ്ഥാപിക്കാനാണോ ഈ ഗവൺമെന്റ് തീരുമാനിക്കുന്നത്?

ശ്രീ. പി. രവീന്ദ്രൻ: അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് സ്റ്റീൽപ്ലാന്റു സ്ഥാപിക്കണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ ഉറച്ച അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ മന്ത്രിസഭയിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നോ എന്നാണു ചോദിച്ചത്. അങ്ങനെയൊരഭിപ്രായവ്യത്യാസമില്ലായിരുന്നു.

ശ്രീ. പി. രവീന്ദ്രൻ: അഭിപ്രായവ്യത്യാസമുണ്ടായിരുന്നു എന്നുള്ളത് ഈ രാജ്യത്തുള്ള എല്ലാവർക്കുമറിയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി.: രാജ്യത്തറിയാമെങ്കിലും അതിനെപ്പറ്റി യുള്ള എന്തെങ്കിലും റിക്കാർഡുകളുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: പത്രങ്ങളിൽ കണ്ടിട്ടുള്ളതേയുള്ളു. രേഖകൾ പരിശോധിച്ചുനോക്കിയിട്ടില്ല.

ശ്രീ. എ. വി. കുഞ്ഞാമ്പു: ചില സ്വകാര്യകമ്പനികളുടെ സമ്മർദ്ദ ത്തിന്റെ ഫലമായി കോഴിക്കോട്ടുള്ള ഇരുമ്പയിരുഖനനത്തിന്റെ സർവ്വെ പൂർത്തീ കരിക്കുന്നതിനു സാധിക്കുന്നില്ലെന്നും കേന്ദ്രഗവൺമെന്റും അതുമാതി രിയുള്ള ചില ശക്തികളും അതു നിരുൽസാഹപ്പെടുത്തുന്നുണ്ടെന്നും അതിന്റെ ഫലമായിട്ടാണ് ഈ സർവ്വെ പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായതെന്നും പറയുന്നതു ശരിയാണോ?

ശ്രീ. പി. രവീന്ദ്രൻ: അതു ശരിയല്ല. വളരെവേഗത്തിൽ ഈ സർവ്വെ നടത്തുന്നതിനുള്ള നടപടിസ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. ദിവാകരൻ: ജപ്പാൻ, സോവിയറ്റ് തുടങ്ങിയ മുതലാ ളിത്തരാജ്യങ്ങളുമായി കരാറുണ്ടാക്കിയാൽ അതു നമ്മുടെരാജ്യത്തിന്റെ ഭാവിയെ ബാധിക്കുമെന്നുള്ള മാർക്സിസ്റ്റുപാർട്ടിയുടെ പ്രചരണം ഇന്നും നില നിൽക്കുന്നില്ലെന്നാണോ വിശ്വസിക്കേണ്ടത്?

ശ്രീ. പി. രവീന്ദ്രൻ: അതു ഉണ്ടായിരിക്കുമെന്നാണു തോന്നുന്നത്.

ശ്രീ. പി. കുഞ്ഞൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സർവ്വെനടത്തി ക്കൊണ്ടിരിക്കുന്ന കാര്യത്തെസംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി ആലോ ചിച്ച് ഒരു തീരുമാനത്തിൽ എത്തിയിരിക്കുകയാണ് എന്ന്. അതുപോലെ തന്നെ ഇന്നു സാധ്യതയുള്ള ചില വ്യവസായങ്ങൾ കേരളത്തിൽതരാമെന്നും പരിഗണിക്കാമെന്നും പറഞ്ഞതിനെസംബന്ധിച്ച് അടുത്തകാലത്ത് വ്യവസായ മന്ത്രി കേന്ദ്രത്തിൽ പോയി വല്ല സംഭാഷണവും നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇവിടത്തെ പാലക്കാട്ടെ സൂക്ഷ്മോപകരണശാലയെസംബന്ധിച്ച് എന്തെങ്കിലും പറയാൻസാധിക്കുമോ?

മി. സ്പീക്കർ: അത് വ്യത്യസ്തമായ ചോദ്യമാണ്.

ശ്രീ. പി. രവീന്ദ്രൻ: ഇരുമ്പയിരിന്റെ കാര്യം ഞാൻ നേരത്തെ പറ ഞ്ഞതാണ്. ഇരുമ്പയിരിന്റെ ഡിപ്പോസിറ്റ് മനസ്സിലാക്കിയശേഷം സ്റ്റീൽപ്ലാന്റിന്റെ കാര്യം ആലോചിക്കാമെന്നാണു പറഞ്ഞത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മുൻവ്യവസായമന്ത്രിയുടെ റിപ്പോർ ട്ടിൽ ഇരുമ്പയിരിന്റെ കാര്യം ഉണ്ടെന്നു പറയുകയുണ്ടായി. ആ റിപ്പോർട്ടു സൂര്യവെളിച്ചംകണ്ടില്ല. ഈ ഗവൺമെന്റ് വന്നശേഷം അത് ക്യാബിനറ്റിൽ ചർച്ചചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈ സഭയുടെ അറിവി നായി ആ റിപ്പോർട്ട് വയ്ക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ആ റിപ്പോർട്ട് സഭയുടെ മുമ്പിൽ വയ്ക്കുന്നത് ശരിയായിരിക്കുമെന്നു കരുതുന്നില്ല. അതു പരിഗണിച്ചുകൊണ്ടിരിക്കു കയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ഒരു സ്റ്റീൽ ഫാക്ടറി സ്ഥാപി ക്കുന്നതിന് ഇരുമ്പയിരു കൂടാതെ ലൈം സ്റ്റോണും ചാർക്കോം—ഉം മാംഗനീസും ആവശ്യമാണ്. ഈ ഘടകങ്ങൾ കേരളത്തിൽ വേണ്ടത്ര ഇല്ല

ന്നാണെന്റെ അറിവ്. ആ കുറവു പരിഹരിക്കാൻ ഗവൺമെന്റിന്റെ പക്കൽ എന്തു നിർദ്ദേശമാണുള്ളത്?

ശ്രീ. പി. രവീന്ദ്രൻ: ഇതിന്റെ പരിഗണനവരുന്ന സന്ദർഭത്തിൽ ശ്രീ. ഹമീദിന്റെ അഭിപ്രായംകൂടി ആരായുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇന്നു കേരളത്തിൽ സുലഭമായി ലഭിക്കുന്ന സാങ്കേതികമായ, ശാസ്ത്രീയമായ സഹായം ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി ഇന്ന് ജോലിയില്ലാതെയിരിക്കുന്ന കെമിക്കൽ ഇഞ്ചിനീയർമാരുടെയും മറ്റു സാങ്കേതികവിദഗ്ധൻമാരുടെയും സേവനം ഈ കാര്യത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി ശ്രദ്ധിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: സർവ്വെ ഡിപ്പാർട്ടുമെന്റിനെ ഉപയോഗപ്പെടുത്തി കേരളത്തിന്റെ പല ഭാഗങ്ങളിലും അന്വേഷണം നടത്തുന്നുണ്ടെന്നു പറയുകയുണ്ടായി. ഇരുമ്പയിരുകൂടാതെ പെട്രോൾ, തുടങ്ങിയ ഉൽപ്പന്നങ്ങൾ കേരളത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ച് കടലോരങ്ങളിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നു റിപ്പോർട്ടുകൾ കാണുകയുണ്ടായി. മറ്റുള്ള സാധനങ്ങൾകൂടിയുണ്ടോ എന്നു പരിശോധിക്കാനുള്ള നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: നമ്മുടെ സംസ്ഥാന ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് വിപുലീകരിക്കുന്നതിനും ഭൂമിയ്ക്കടിയിൽനിന്ന് എന്തൊക്കെ അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിക്കാൻകഴിയും എന്നു സർവ്വെ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ കാര്യങ്ങളെല്ലാം ആ സന്ദർഭത്തിൽ പരിശോധിക്കാവുന്നതാണ്.

ട്രാൻസ്പോർട്ടു സമരം

* 156 [565] ശ്രീ. പി. കെ. രാഘവൻ
,, ടി. എ. മജീദ്
,, ഈ. അഹമ്മദ്
,, പി. എസ്. ശ്രീനിവാസൻ
,, കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്
,, പി. എസ്. നമ്പൂതിരി
,, പി. എം. അബൂബേക്കർ
,, കെ. പുരുഷോത്തമൻപിള്ള
,, കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ഫെബ്രുവരി 21-ാം തീയതി ട്രാൻസ്പോർട്ട് സമരത്തിൽ പണിമുടക്കിയിരുന്നവർ എത്ര;

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ആകെയുള്ള തൊഴിലാളികൾ എത്ര;

(സി) ഈ സമരത്തിന്റെ ഫലമായി എത്ര ബസ്സിനു കേടുവരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly